വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഇല്ല.

(ബി) അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. സ്വന്തം വരുമാനമാർഗ്ഗങ്ങളുള്ള സ്വയംഭരണ സ്ഥാപനങ്ങളാണ്.

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ദൗർലഭ്യം

* 519 [544] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരും നേഴ്സുമാരും വിദേശങ്ങളിൽ ജോലിക്കു പോകുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് സ്പെഷ്യലിസ്റ്റു ഡോക്ടർമാരുടെയും, പരിചയസമ്പന്നരായ ആശുപത്രി ജീവനക്കാരുടെയും ദൗർലഭ്യം അനുഭവപ്പെടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലീവു കൊടുത്തു വിദേശത്തേയ്ക്കു വിടുന്ന ഇന്നത്തെ സമ്പ്രദായം മാറ്റുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) അപൂർവ്വം സ്പെഷ്യലിസ്റ്റു കേസുകളിൽ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. യോഗ്യതയുള്ള ഡോക്ടർമാരേയും, നേഴ്സുമാരേയും പകരം നിയമിക്കാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ മാത്രമേ ഇപ്പോൾ വിദേശത്തേയ്ക്കു പോകാനനുവദിക്കാറുള്ളു.

(ബി) ഇപ്പോൾ തന്നെ വേണ്ടത്ര നിയന്ത്രണങ്ങൾ ഉണ്ട്. ആവശ്യമെന്നു തോന്നുന്നപക്ഷം കൂടുതൽ നിയന്ത്രണം തക്കസമയത്ത് ഏർപ്പെടുത്തുന്നതാണ്.

ഡ്രഗ്സ് ആൻറ് കോസ്മെറ്റിക്സ് ആക്ട്

* 520 [547] ശ്രീ. പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് നമ്മുടെ സംസ്ഥാനത്ത് ആയുർവ്വേദത്തിനുകൂടി ബാധകമാക്കി നടപ്പിലാക്കിയതു എപ്പോഴാണ്;

(ബി) ഇതു നടപ്പിലാക്കുന്നതിനുമുൻപ് സർക്കാർ നിയമിച്ച വിദഗ്ദ്ധ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ എന്തെല്ലാം;

(സി) മേൽപറഞ്ഞ കമ്മിറ്റിയുടെ അംഗങ്ങൾ ആരെല്ലാം;

(ഡി) ആയുർവ്വേദത്തിന് പ്രത്യേകം ഡ്രഗ്സ് കൺട്രോൾ വിഭാഗം വേണമെന്ന് സർക്കാരിനു അഭിപ്രായമുണ്ടോ;

(ഇ) ആയുർവ്വേദ ഡ്രഗ്സ് ഇൻസ്പെക്ടർമാരായി നിയമിക്കപ്പെടുന്നതിന് ആയുർവ്വേദ ഡിഗ്രികൂടി സമ്പാദിക്കണമെന്ന് കേന്ദ്ര സർക്കാർ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly